കൾവഴി നടപ്പാക്കുന്ന രീതിയ്ക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. അപ്രകാരം പണി ഏറ്റെടുത്തു നടത്തുന്ന ഗുണഭോക്തൃസമിതിക്ക് മൊബിലൈസേഷൻ അഡ്വാൻസായി പദ്ധതി ചെലവിന്റെ 25 ശതമാനമോ ഒരു ലക്ഷം രൂപയോ ഏതാണ് കുറവ് അത്രയും തുക നൽകാനാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കൂടാതെ പണിസ്ഥലത്തിറക്കുന്ന കമ്പി, മെറ്റൽ തുടങ്ങിയ നാശം വരാത്ത വസ്തുക്കളുടെ വിലയുടെ 75 ശതമാനം തുക സെക്യൂർഡ് അഡ്വാൻസായി നൽകാവുന്നതുമാണ്.

(സി) നിലവിലുള്ള ഓഡിറ്റ് സമ്പ്രദായം ഫലപ്രദമാണ്. അതിനാൽ പുതിയ സംവിധാനത്തെക്കുറിച്ച് ആലോചിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

109 (689) ജനകീയാസൂത്രണ പദ്ധതി പ്രകാരം പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷം ജനകീയാസൂത്രണ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഓരോ പഞ്ചായത്തുകൾക്കും 2000 ഫെബ്രുവരി 15 വരെ എന്തു തുക വീതം ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ എന്തു തുക ചിലവഴിച്ചു;

(സി) ജില്ല തിരിച്ചുള്ള കണക്ക് ബ്ലോക്കടിസ്ഥാനത്തിൽ പഞ്ചായത്ത് സഹിതം വിശദമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

110 (690) ജില്ലാ പഞ്ചായത്തുകൾക്ക് പദ്ധതി

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്തുകൾക്ക് 2000 ജനുവരി 31 വരെ പദ്ധതിയിനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ട്; ഓരോ ജില്ലാ പഞ്ചായത്തിനും എത്ര രൂപ വീതം നൽകി; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) 1999 ഡിസംബർ 31 വരെ ഓരോ ജില്ലാ പഞ്ചായത്തും പദ്ധതി ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകൾക്ക് 1.4.1999 മുതൽ 31.1.2000 വരെ 4605.86594 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഓരോ ജില്ലാ പഞ്ചായത്തിനും നൽകിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്	–	197.75676	ലക്ഷം രൂ.
കൊല്ലം ”	–	864.11785	”
പത്തനംതിട്ട ”	–	406.5213	”
ആലുപ്പുഴ ”	–	117.86284	”

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി	"	-	445.086284	"
എറണാകുളം	"	-	101.15567	"
തൃശ്ശൂർ	"	-	796.46774	"
പാലക്കാട്	"	-	200.28470	"
മലപ്പുറം	"	-	267.21614	"
കോഴിക്കോട്	"	-	720.945	"
വയനാട്	"	-	140.67311	"
കണ്ണൂർ	"	-	102.53941	"
കാസർഗോഡ്	"	-	245.23919	"

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് കണക്കാക്കുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല.

111 (691) തിതല പഞ്ചായത്തുകളിലെ വാർഡ് വിഭജനം

ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി.എം. ജേക്കബ് :
ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലെ വാർഡ് വിഭജനം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാകും;

(ബി) പഞ്ചായത്ത് വാർഡ് വിഭജനവുമായി ബന്ധപ്പെട്ട് 2000 ജനുവരിയിൽ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) തദ്ദേശ സ്വയംഭരണവകുപ്പ് 1999 നവംബർ മാസം 20-ാം തീയതി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് എസ്.ആർ.ഒ.നമ്പർ 979/99 ആയി കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളുടെ വാർഡ് വിഭജനം മാർച്ച് മാസത്തോടെയും ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഡ് വിഭജനം മേയ് മാസത്തോടെയും ജില്ലാ പഞ്ചായത്തുകളുടെ വാർഡ് വിഭജനം ജൂലൈ മാസത്തോടെയും പൂർത്തീകരിക്കാൻ കഴിയുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

112 (692) വാർഡ് പുനർനിർണ്ണയം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വാർഡ് പുനർനിർണ്ണയം സംബന്ധിച്ച് പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വാർഡ് പുനർനിർണ്ണയം സംബന്ധിച്ച് ഗവൺമെന്റിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly